Major Archeparchy of Ernakulam-Angamaly
Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906, 2363664 • Fax: 0484-2355010
E-mail: curiaekm@hotmail.com • Web: www.ernakulamarchdiocese.org

സർക്കുലർ 3/2025 26.06.2025

# സർക്കുലർ

ഈശോയുടെ തിരുഹൃദയത്തിനു പ്രതിഷ്ഠിതമായ എറണാകുളം-അങ്കമാലി അതിരൂപതയിലെ പ്രിയ വൈദികരേ, സമർപ്പിതരേ, സഹോദരിസഹോദരന്മാരേ, തിരുഹൃദയത്തിരുനാളിൽ നിങ്ങൾക്കെല്ലാവർക്കും നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും സമാധാനവും ആശംസിക്കുന്നു.

ഏകീകൃതരീതിയിലുള്ള വി.കുർബാനയർപ്പണവുമായി ബന്ധപ്പെട്ട് അതിരൂപതയിൽ നിലനില്ക്കുന്ന പ്രതിസന്ധികൾക്കു പരിഹാരം കണ്ടെത്തുന്നതിനു വ്യത്യസ്ത നിലപാടുകളുള്ള അല്മായരുടെയും വൈദികരുടെയും പ്രതിനിധികളുമായി ഞങ്ങൾ ചർച്ചകൾ നടത്തുകയുണ്ടായി. പ്രസ്തുത ചർച്ചകളുടെ വെളിച്ചത്തിൽ പ്രാർഥനാപൂർവം ഒരു മാർഗരേഖ രൂപപ്പെടുത്തി. 2024 ജൂൺ 14, 19 തിയതികളിൽ ചേർന്ന മെത്രാൻസിനഡിന്റെ തീരുമാനങ്ങളും (Ref. No. 5/2024) ജൂലൈ 1 നു നല്കിയ വിശദീകരണക്കുറിപ്പും (Ref. No. 6/2024) ആധാരമാക്കിയാണ് ഈ മാർഗരേഖ തയ്യാറാക്കിയത്. ഞായറാഴ്ചകളിലും കടമുള്ള മറ്റു ദിവസങ്ങളിലും ഒരു കുർബാനയെങ്കിലും ഏകീകൃതരീതിയിൽ അർപ്പിക്കുന്നത് സിനഡു തീരുമാനത്തോടുള്ള അനുസരണത്തിന്റെ അടയാളമായി മനസ്സിലാക്കും എന്നതായിരുന്നു ഈ സിനഡൽരേഖകളുടെ അന്തഃസത്ത. അതിനാൽ ഈ തീരുമാനത്തെ ആരുമായുമുള്ള സമവായമായല്ല മറിച്ച്, അജപാലനസാഹചര്യങ്ങൾ പരിഗണിച്ചു സമാധാനത്തിനായുള്ള സുചിന്തിതമായ സിനഡുതീരുമാനമായാണു മനസ്സിലാക്കേണ്ടത്.

ഇപ്രകാരം രൂപപ്പെടുത്തിയ മാർഗരേഖ സഭയുടെ സ്ഥിരംസിനഡിന്റെ യോഗങ്ങളിൽ വിശദമായി ചർച്ചചെയ്തു. തുടർന്നു സ്ഥിരംസിനഡിലെ അംഗങ്ങളും പൊന്തിഫിക്കൽ ഡെലഗേറ്റ് ആർച്ചുബിഷപ്പ് സിറിൽ വാസിലുമായി 24-03-2025 ന് ഈ മാർഗരേഖ ഓൺലൈൻ മീറ്റിംഗിൽ ചർച്ചചെയ്യുകയുണ്ടായി. തുടർന്ന് 2025 മെയ് മാസം 10-ാം തിയതി സഭയുടെ സ്ഥിരംസിനഡംഗങ്ങളും പൗരസ്ത്യസഭകൾക്കായുള്ള കാര്യാലയത്തിന്റെ പ്രീഫെക്ട് അഭിവന്ദ്യ കർദിനാൾ ക്ലൗദിയോ ഗുജറോത്തി പിതാവും കാര്യാലയത്തിലെ മറ്റ് ഔദ്യോഗിക അംഗങ്ങളുമായി ഓൺലൈൻ മീറ്റിംഗിൽ ഈ മാർഗരേഖ വിശദമായി ചർച്ചചെയ്തു. ഈ മാർഗരേഖയുടെ വിശദാംശങ്ങൾ അതിരൂപതയിലെ വൈദികസമിതിയംഗങ്ങൾ, ഫൊറോനാവികാരിമാർ, ആലോചനാസമിതിയംഗങ്ങൾ എന്നിവരുടെ സംയുക്ത സമ്മേളനത്തിലും തുടർന്നു സമ്പൂർണ വൈദികസമ്മേളനത്തിലും ചർച്ചചെയ്യുകയുണ്ടായി. മേല്പറഞ്ഞ കൂടിയാലോചനകളുടെ വെളിച്ചത്തിൽ പ്രശ്നപരിഹാരത്തിനായി രൂപപ്പെടുത്തിയ മാർഗരേഖയുടെ വിശദാംശങ്ങൾ താഴെപ്പറയുന്നവയാണ്:

1. സീറോമലബാർസഭയുടെ സിനഡു തീരുമാനിച്ചതും ശ്ലൈഹികസിംഹാസനം അംഗീകരിച്ചതും പരിശുദ്ധ പിതാവു ഫ്രാൻസിസ് മാർപാപ്പ നടപ്പിലാക്കാൻ ആവർത്തിച്ച് ആവശ്യപ്പെട്ടതുമായ ഏകീകൃതരീതിയിലുള്ള വിശുദ്ധ കുർബാനയർപ്പണം സീറോമലബാർസഭ മുഴുവനിലും മാറ്റമില്ലാതെ തുടരുന്നതാണ്.
2. എന്നാൽ, ഏകീകൃതരീതിയിൽ വിശുദ്ധ കുർബാന എല്ലാ ദിവസവും അർപ്പിക്കാൻ പ്രതിസന്ധികളുള്ള എറണാകുളം-അങ്കമാലി അതിരൂപതയിലെ ഇടവക ദൈവാലയങ്ങളിൽ 2024 ജൂൺ 14,19 തിയ്യതികളിൽ ചേർന്ന സിനഡ് അംഗീകരിച്ചതും ജൂൺ 21 ന് പ്രസിദ്ധീകരിച്ചതുമായ സിനഡനന്തര സർക്കുലറിലും ജൂലൈ 1 നു നല്കിയ വിശദീകരണക്കുറിപ്പിലും അറിയിച്ചിരുന്നതുമായ നിർദേശം പാലിക്കേണ്ടതാണ്. അതിൻ പ്രകാരം, ഞായറാഴ്ചകളിലും കടമുള്ള മറ്റു ദിവസങ്ങളിലും ഏകീകൃതരീതിയിൽ ഒരു

Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906, 2363664 • Fax: 0484-2355010
E-mail: curiaekm@hotmail.com • Web: www.ernakulamarchdiocese.org

വിശുദ്ധ കുർബാന അതിരൂപതയിലെ എല്ലാ ഇടവക ദൈവാലയങ്ങളിലും അർപ്പിക്കേണ്ടതാണ്. ഈ ക്രമീകരണം 2025 ജൂലൈ മാസം 3-ാം തിയ്യതി ദുക്റാനതിരുനാൾ മുതൽ ആരംഭിക്കണം. ഇപ്രകാരം, ഏകീകൃതരീതിയിലുള്ള വിശുദ്ധ കുർബാന രാവിലെ 05.30 നും 10.30 നും ഇടയിലോ വൈകുന്നേരം 03.30 നും 06.00 നും ഇടയിലോ ആരംഭിക്കുന്ന രീതിയിൽ അർപ്പിക്കേണ്ടതാണ്. ഞായറാഴ്ചകളിൽ ഒരു കുർബ്ബാന മാത്രമുള്ള പള്ളികളിൽ രണ്ടാമതൊരു കുർബ്ബാനയായിട്ടോ ഒന്നിടവിട്ട ഞായറാഴ്ചകളിലെ കുർബാനയായിട്ടോ ഏകീകൃതരീതിയിൽ വിശുദ്ധ കുർബ്ബാനയർപ്പിക്കേണ്ടതാണ്. വിശുദ്ധ കുർബാനയർപ്പണവുമായി ബന്ധപ്പെട്ടു സിവിൽകേസുകൾ നിലനില്ക്കുന്ന ഇടവകകളിൽ ഉൾപ്പെടെ - കോടതിയലക്ഷ്യമാകില്ലെന്ന നിയമോപദേശമുള്ള സാഹചര്യത്തിൽ - ഈ നിർദേശം പാലിക്കേണ്ടതാണ്.

3. ഇപ്രകാരം ഒരു കുർബാന ഏകീകൃതരീതിയിൽ അർപ്പിക്കുന്ന എറണാകുളം-അങ്കമാലി അതിരൂപതയുടെ ഇടവകകളിൽ/പള്ളികളിൽമാത്രം, സിനഡ് ഈ വിഷയത്തിൽ തീരുമാനമെടുക്കുന്ന സമയംവരെ, നിലവിലുള്ള കുർബാനക്രമം സാധുവായി തുടരാവുന്നതും ഞായറാഴ്ചകടത്തിനു പരിഹാരമാകുന്നതുമാണ്.

4. ഏകീകൃത കുർബ്ബാനയർപ്പണരീതിയെ സംബന്ധിച്ചു മേല്പ്പറഞ്ഞ ക്രമീകരണത്തിൽ സിനഡു മാറ്റംവരുത്തുന്നതിനുമുൻപ് സിനഡാത്മകസഭയുടെ ചൈതന്യത്തിൽ അതിരൂപതയിലെ കാനോനിക സമിതികളുമായി (വൈദികസമിതി, ആലോചനാസമിതി, പാസ്റ്ററൽ കൗൺസിൽ) ആലോചന നടത്തുന്നതാണ്.

5. എല്ലാ പള്ളികളിലും എല്ലാ കുർബാനകളിലും വിശുദ്ധ കുർബാനയുടെ തക്സയിൽ നിർദേശിച്ചിരിക്കുന്നതുപോലെ വചനവേദി (ബേമ്മാ) ഉപയോഗിക്കേണ്ടതാണ്.

6. നിലവിലെ സാഹചര്യത്തിൽ, മേജർ ആർച്ചുബിഷപ്പും അതിരൂപതയ്ക്കുവേണ്ടിയുള്ള മേജർ ആർച്ചുബിഷപ്പിന്റെ വികാരിയും അതിരൂപതയിലെ പള്ളികൾ സന്ദർശിക്കുമ്പോൾ ഏകീകൃതരീതിയിലാണ് വിശുദ്ധ കുർബാനയർപ്പിക്കുന്നത്. കുടുംബാംഗങ്ങളുടെയും ബന്ധുക്കളുടെയും ആത്മീയാവശ്യങ്ങൾക്കായി അതിരൂപതയിലെ ഇടവകകളിലെത്തുന്ന സഭയിലെ മറ്റു മെത്രാന്മാർക്കും ഏകീകൃതരീതിയിൽ വിശുദ്ധ കുർബാനയർപ്പിക്കുന്നതിനു സാഹചര്യമൊരുക്കേണ്ടതാണ്.

7. ഏകീകൃതരീതിയിൽ വിശുദ്ധ കുർബാനയർപ്പിക്കാനുള്ള സത്യവാങ്മൂലം സമർപ്പിച്ചിട്ടുള്ള നവവൈദികർ ഏകീകൃതരീതിയിൽത്തന്നെ വിശുദ്ധ കുർബാനയർപ്പിക്കാൻ കടപ്പെട്ടവരാണെങ്കിലും അജപാലനപരമായ ആവശ്യങ്ങൾ പരിഗണിച്ച് ഈ കടമയിൽനിന്നു കാനൻനിയമം അനുവദിക്കുന്ന പ്രകാരം ഒഴിവുനല്കുക (dispensation) (CCEO c. 1538) എന്നത് അതിരൂപതാധ്യക്ഷനായ മേജർ ആർച്ചുബിഷപ്പിന്റെ വിവേചനാധികാരമാണ്. തങ്ങൾ ശുശ്രൂഷചെയ്യുന്ന ഇടവകകളിലെ അജപാലനസാഹചര്യം ആവശ്യപ്പെടുന്നെങ്കിൽ, പ്രസ്തുത സാഹചര്യത്തിൽ നവവൈദികർ രേഖാമൂലം സമർപ്പിക്കുന്ന അപേക്ഷ അതിരൂപതാധ്യക്ഷൻ വിലയിരുത്തിയായിരിക്കും അനുവാദം നല്കുന്നത്.

8. നിലവിൽ അച്ചടക്കനടപടികൾക്കു വിധേയരായ വൈദികരുടെ വിഷയങ്ങൾ കാനോനിക നിയമസാധ്യതകളുടെ വെളിച്ചത്തിൽ രമ്യമായി പരിഹരിക്കുന്നതാണ്.

9. മേൽപ്പറഞ്ഞ ധാരണ പ്രയോഗത്തിൽവരുന്നതോടെ കുർബാനയർപ്പണരീതിയുമായി ബന്ധപ്പെട്ട തർക്കങ്ങൾക്കു സഭാത്മകമായ പരിഹാരം കൈവരുന്നതിനാൽ സിവിൽ

Major Archeparchy of Ernakulam-Angamaly
Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906, 2363664 • Fax: 0484-2355010
E-mail: curiaekm@hotmail.com • Web: www.ernakulamarchdiocese.org

കോടതികളിൽ നിലനില്ക്കുന്ന വ്യവഹാരങ്ങൾ തീർപ്പാക്കാൻ ഉപകരിക്കുന്നവിധത്തിലുള്ള സത്യവാങ്മൂലം അതിരൂപതാനേതൃത്വം നല്കുന്നതാണ്.

10. ഏകീകൃതരീതിയിൽമാത്രം ഇപ്പോൾ വി. കുർബാന അർപ്പിച്ചുകൊണ്ടിരിക്കുന്ന പള്ളികളിൽ പ്രസ്തുത ക്രമം മാറ്റമില്ലാതെ തുടരുന്നതാണ്. ഈ പള്ളികളിൽ ഏതിലെങ്കിലും നിലവിലുള്ള പ്രശ്നങ്ങൾ ഇടവകയുടെ കൂട്ടായ്മയെ ലക്ഷ്യമാക്കി ചർച്ചകളിലൂടെ രമ്യമായി പരിഹരിക്കുന്നതാണ്.

11. എറണാകുളം-അങ്കമാലി അതിരൂപതയുടെ നിലവിലെ കൂരിയാ അംഗങ്ങൾ ഈ ക്രമീകരണം നടപ്പിലാകുന്ന സാഹചര്യത്തിൽ ജൂലൈ 3 മുതൽ പുതിയ ഉത്തരവാദിത്വങ്ങളിലേക്കു മാറുന്നതാണ്.

പ്രിയപ്പെട്ടവരേ, എറണാകുളം-അങ്കമാലി അതിരൂപതയിൽ നിലനില്ക്കുന്ന പ്രത്യേക സാഹചര്യത്തിൽ സിനഡുതീരുമാനം നടപ്പിലാക്കിക്കൊണ്ടു സമാധാനാന്തരീക്ഷം സ്ഥാപിക്കാനുള്ള ഏറ്റവും പ്രായോഗികമായ അജപാലനമാർഗം എന്ന നിലയിലാണ് ഈ നിർദേശം ഞങ്ങൾ നല്കുന്നത്. ആരാധനാക്രമവിവാദത്തിൽ ഏറെ വേദനയനുഭവിച്ചിട്ടുള്ള നമ്മുടെ അതിരൂപതയിലും സഭയിലും കൂട്ടായ്മയും പരസ്പരവിശ്വാസവും വളർത്തുന്നതിനും രമ്യതയുടെ ശുശ്രൂഷകരാകാനും (2 കോറി 5:18) ദൈവം നമ്മെ അനുഗ്രഹിക്കട്ടെ!

നിങ്ങളെയെല്ലാവരെയും പരിശുദ്ധ അമ്മയുടെ വിമലഹൃദയംവഴി ഈശോയുടെ തിരുഹൃദയത്തിനു സമർപ്പിക്കുന്നു.

സ്നേഹാശംസകളോടെ,

✠ **റാഫേൽ തട്ടിൽ**
സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്
എറണാകുളം - അങ്കമാലി അതിരൂപതയുടെ മെത്രാപ്പോലീത്താ

MAJOR ARCHEPARCHIAL CURIA • ERNAKULAM-ANGAMALY •

✠ **ജോസഫ് പാംപ്ലാനി**
എറണാകുളം-അങ്കമാലി അതിരൂപതയ്ക്കുവേണ്ടിയുള്ള
മേജർ ആർച്ചുബിഷപ്പിന്റെ വികാരി

---

ഈ സർക്കുലർ 2025 ജൂൺ 29 ഞായറാഴ്ച അതിരൂപതയിലെ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വിശുദ്ധ കുർബാനമധ്യേ വായിക്കേണ്ടതാണ്.